**2009 നവംബർ 15**

# സ്കറിയായോടുള്ള അറിയിപ്പ്

## ലൂക്കോ 1:5–25

**ഫാ. മാത്യു പി. ഫ്രാൻസിസ്**

മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണ് എന്നതാണ് വചനിപ്പുകാലത്തിലെ ഇന്നത്തെ ചിന്താവിഷയം. കർത്താവിന്റെ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ച് സ്കറിയായ്ക്ക് ലഭിക്കുന്ന വെളിപാടാണ് ഇന്ന് നാം വായിച്ചു കേട്ടത്. നിരപരാധികൾ ശിക്ഷിക്കപ്പെടുമ്പോഴും, നീതിമാന്മാർ സഹിക്കേണ്ടി വരുമ്പോഴും പൊതുജനം പലപ്പോഴും കരുതുന്നത് ഇത് അവരുടെ കുറ്റം മൂലമോ അഥവ മുൻതലമുറയുടെ കുറ്റം മൂലമോ ആയിരിക്കുമെന്നാണ്. എന്നാൽ ഇത്തരം ചിന്തകൾ ദൈവിക പദ്ധതികൾ മനുഷ്യർ തിരിച്ചറിയാത്തതിന്റെ കുറവുമൂലമുള്ള തെറ്റായ വിധിയാണെന്ന് ഈ സുവിശേഷഭാഗം വ്യക്തമാക്കുന്നു.

പുരോഹിതനായ സഖറിയായും പുരോഹിത കുടുംബത്തിൽപ്പെട്ട എലിസബത്തും ദൈവതിരുമുമ്പിൽ നിഷ്കളങ്കരായി ജീവിക്കുകയും ദൈവപ്രമാണങ്ങൾ പാലിക്കുകയും ചെയ്തിരുന്നു. എലിസബത്തിന് കുഞ്ഞുങ്ങളുണ്ടാകാൻ സാധ്യതയില്ലായിരുന്നു. കാരണം, രണ്ടുപേരും ഒരുപാട് പ്രായം കവിഞ്ഞവരായിരുന്നു. അപ്രകാരം ലോകദൃഷ്ടിയിൽ മാനുഷികമായ രീതിയിൽ എല്ലാ സാധ്യതകളും അടഞ്ഞിരിക്കുന്ന അവസ്ഥയിൽ ദൈവം സ്വർഗത്തിന്റെ കിളിവാതിൽ തുറക്കുന്നു. അവിടുന്ന്, തന്റെ ദൂതനെ അയച്ചുകൊണ്ട് സഖറിയായോട് ആ നല്ലവാർത്ത അറിയിക്കുന്നു. പരിശുദ്ധ കന്യകമറിയത്തെപ്പോലെ, സഖറിയായും ദൂതുകേട്ട് ഭയപ്പെടുകയും അസ്വസ്ഥനാവുകയും ചെയ്തു. "ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു" (ലൂക്കോ 1:13) പല പ്രാവശ്യം നോമ്പുനോറ്റ് പ്രാർത്ഥിച്ച അവരുടെ അപേക്ഷകൾക്ക് ദൈവം മറുപടി കൊടുക്കുന്നത്, വളരെ താമസിച്ചാണ്. കാരണം, ദൈവത്തിന്റെ സമയം, അതാണ് യഥാർത്ഥ സമയം.

എല്ലാ മനുഷ്യരുടെയും നിയോഗം ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ സജീവ പങ്കാളികളാവുക എന്നതാണ്. ഇവിടെ മനുഷ്യന്റെ വലുപ്പമോ, ജാതിയോ, സമയമോ, അല്ല പ്രധാനം. ഈ രക്ഷാകരപദ്ധതി പൂർത്തിയാകുക എന്നതാണ്. അതുകൊണ്ട് ഓരോരുത്തർക്കും ഓരോ സമയത്ത് തന്റെ പദ്ധതിയിൽ പങ്കാളികളാകുവാൻ ദൈവം അവസരം നൽകുന്നു. ഇവിടെ ലോകരക്ഷകന്റെ മുന്നോടിയായ സ്നാപക യോഹന്നാൻ കടന്നുവരുവാൻ കാലത്തിന്റെ പൂർണതവരെ കാത്തിരിക്കുക എന്നത് ദൈവീക നിശ്ചയമാണ്. അബ്രഹാത്തിനും സാറായ്ക്കും മകനായി ഇസഹാക്കിനെ നൽകിയതും, വന്ധ്യയായ റബേക്കായ്ക്ക് ഏസാവിനെയും യാക്കോബിനെയും നൽകിയതും, റാഹേലിന് ജോസഫിനെ നൽകിയതും ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ പൂർത്തീകരണത്തിനായി ഓരോരുത്തരെ ഓരോ കാലഘട്ടത്തിലും ദൈവം കരുതിവയ്ക്കുന്നതിന്റെ ചരിത്രപരമായ അടയാളങ്ങളാണ്.

ദൈവിക പദ്ധതിയോട് മനുഷ്യർ നിസ്സഹകരണം കാട്ടുമ്പോൾ ആ രക്ഷ അനുഭവിക്കാൻ അവർക്ക് കഴിയാതെ പോകുന്നു. പക്ഷേ ദൈവഹിതം നിറവേറുകതന്നെ ചെയ്യും. ദൈവദൂതന്റെ അറിയിപ്പിനോട് സഖറിയാ അറച്ചുനിൽക്കുന്നു. ഇതെങ്ങനെ സംഭവിക്കുമെന്ന് അദ്ദേഹം ഭ്രമിച്ചുനിൽക്കുന്നു. അവിശ്വാസംമൂലം സഖറിയാ മൂകനായിത്തീരുന്നു. അവിശ്വാസിയെ വിശ്വാസിയാക്കുവാനുള്ള ദൈവിക പ്രവർത്തനമായി സഖറിയാ പിന്നീട് ഇതിനെ തിരിച്ചറിയുകയും തന്റെ ശുശ്രൂഷയുടെ തുടർന്നുള്ള ദിവസങ്ങൾ പൂർത്തിയാക്കുകയും

ചെയ്തു. അതുകൊണ്ടാണ്, ദൈവികപദ്ധതി നിറവേറിയപ്പോൾ സഖറിയായുടെ നാവു സ്വതന്ത്രമാവുകയും, അദ്ദേഹം ദൈവത്തെ സ്തുതിക്കുകയും ചെയ്തത്.

ദൈവിക വാഗ്ദാനം മനസ്സിലാക്കണമെങ്കിൽ നാം വിശ്വാസത്തിൽ ഉറപ്പുള്ളവരാകേണ്ടിയിരിക്കുന്നു. അബ്രഹാമിന്റെ വിശ്വാസത്തെക്കുറിച്ച് വി. പൗലോസ് ശ്ലീഹാ പറയുന്നു,"നൂറു വയസ്സായ തന്റെ ശരീരം മൃതപ്രായമായിരിക്കുന്നെന്നും സാറായുടെ ഉദരം വന്ധ്യമാണെന്നും അറിയാമായിരുന്നിട്ടും അവന്റെ വിശ്വാസം ദുർബലമായില്ല" (റോമ 4:19). ദൈവത്തെ മഹത്വപ്പെടുത്തി അബ്രഹാം വിശ്വാസത്തിൽ ശക്തിപ്രാപിച്ചു. ക്രിസ്തുവിൽ അടിയുറച്ചു വിശ്വസിക്കുന്നവർക്ക് സകലതും സാധ്യമാണെന്ന് ഇന്നത്തെ സുവിശേഷം നമ്മോടു പറയുന്നു- സിംഹക്കുട്ടിൽ ദാനിയേലിന്റെ വിശ്വാസം, തടവറയിൽ പൗലോസും ശീലാസും പ്രകടിപ്പിച്ച പ്രാർത്ഥനാനുഭവം, ഇവയെല്ലാം ദൈവത്തിൽ വിശ്വാസമർപ്പിച്ചവരുടെ ജീവിതത്തിൽ ശക്തമായ ദൈവീക ഇടപെടലുകൾ ദർശിക്കുവാൻ സാധിക്കുമെന്നതിനുള്ള വി. വേദപുസ്തകത്തിലെ തെളിവുകളാണ്. ഇന്നും അത്ഭുതങ്ങൾ നടക്കുന്നത് വിശ്വാസത്തിൽ വേരൂന്നിയവരുടെ ജീവിതത്തിലാണ്.

ലോകത്തിലെ സകല മനുഷ്യരും നമ്മെ കൈവിടുമ്പോൾ ഒടുവിൽ നമ്മെ തേടിയെത്തുന്ന ആളിന്റെ പേരാണ് ദൈവം. വന്ധ്യതമൂലം ലോകം സക്കറിയാ-എലിസബത്ത് ദമ്പതികളെ അവഹേളിച്ചപ്പോഴും, വിശ്വാസത്തോടെയുള്ള അവരുടെ പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകാര്യമാകുന്നു. ഇവരുടെ പേരുതന്നെ ഈ ഒരു സത്യം വിളിച്ചോതുന്നതാണ്. യാഹ്വേ ഇവരെ അനുസ്മരിക്കുകയും (സക്കറിയ (സാക്കർ+യാ) = യാഹ്വേ അനുസ്മരിക്കുന്നു), ദൈവം തന്റെ ജനത്തോട് കരുണ കാട്ടുകയും അത് (യാ+ഹന്നാൻ=ദൈവത്തിന്റെ കാരുണ്യം) യോഹന്നാനിലൂടെ വെളിപ്പെടുകയും, അങ്ങനെ, ദൈവം തന്റെ സമ്പൂർണതയാണ് (എലിസബത്ത്)എന്ന് ഈ ദമ്പതികളിലൂടെ ലോകം അറിയുകയും ചെയ്യുന്നു. മനുഷ്യരുടെ വിധികളൊക്കെ അസ്ഥിരമാണെന്നും കർത്താവിലാശ്രയിക്കുന്നവർക്ക് അവിടുന്ന് ഒന്നിനും കുറവുണ്ടാക്കുന്നില്ലെന്നും നാം മനസ്സിലാക്കണം. സങ്കീർത്തകൻ (56:8) പറയുന്നുണ്ടല്ലോ, നിന്റെ കണ്ണീര് എന്റെ കുപ്പിയിൽ ശേഖരിച്ചിട്ടുണ്ടെന്ന്. അതു നാം മനസ്സിലാക്കണം. ഒരിക്കലും നിരാശപ്പെടാതെ എല്ലാ മുറിവിന്റെയും മരണത്തിന്റെയും പരാജയത്തിന്റെയും തകർച്ചയുടെയും കണ്ണീരിന്റെയും അവസാനം ദൈവനാമം മഹത്വപ്പെടുത്തി അവിടുത്തെ ഹിതം തിരിച്ചറിയുവാൻ കഴിയുന്നവർക്ക് കഴുകനെപ്പോലെ പറന്നുയരാൻ കഴിയും.

അവസാനം വരെ സഹിച്ചുനിൽക്കുന്നവൻ രക്ഷപ്രാപിക്കുമെന്ന് സുവിശേഷം പറയുന്നു. യാക്കോബ് അവസാനം വരെ പൊരുതി നിന്നു. പൗലോസും പത്രോസും തുടർന്ന് സ്തേഫാനോസും സഭയിലെ പുണ്യവാന്മാരുമെല്ലാം, വിശ്വാസത്തിനുവേണ്ടി നല്ല പോർ പൊരുതി (ഓട്ടം തികച്ച്) നീതിയുടെ കിരീടം ചൂടിയവരാണ്. ഏത് ഇരുളിലും പ്രത്യാശയുടെ ഒരു നാളത്തിനായ് കാത്തിരിക്കുന്നവനു മാത്രമാണ് രക്ഷയുള്ളത്. അതിനാൽ ദുരിതങ്ങൾ ഒരിക്കലും ദുരിതങ്ങളായി കരുതാതിരിക്കുക. 1പത്രോ 1:8-9 ൽ നാം വായിക്കുന്നു "അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു. ഇപ്പോൾ കാണുന്നില്ലെങ്കിലും അവനിൽ വിശ്വസിച്ചുകൊണ്ട് അവാച്യവും മഹത്വപൂർണവുമായ സന്തോഷത്തിൽ മുഴുകുന്നു. അങ്ങനെ വിശ്വാസത്തിന്റെ ഫലമായി ആത്മാവിന്റെ രക്ഷ നിങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു." ദൈവേഷ്ടം പോലെ ജീവിച്ച് ദൈവത്തിന്റെ ഹിതം നിറവേറ്റുവാനും അവന്റെ രാജ്യം വരുവാനും അവന്റെ നാമം പരിശുദ്ധമാക്കപ്പെടുവാനും നമുക്ക് പ്രാർത്ഥിക്കാം.

*******************************************